സെയിൽസ് ടാക്സ് 10 കൊല്ലം തരണ്ട, 5 കൊല്ലം തരണ്ട, മറ്റ് സ്റ്റേറ്റുകൾ പറയും 10 കൊല്ലം തരണ്ട, 20 കൊല്ലം തരണ്ട എന്ന്. ഇങ്ങനെ unhealthy incentive war ഉണ്ടാകും എന്നുള്ളതുകൊണ്ട് പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് വ്യവസായം വരുന്നില്ല, അതുകൊണ്ട് അതും നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. 1.1.2000 മുതൽ ഒരു രീതിയിലുള്ള ഇൻസെന്റീവും ടാക്സ് ഇനത്തിൽ കൊടുക്കാൻ പാടില്ല എന്ന് അസന്ദിഗ്ദ്ധമായി തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ അനുഭവിക്കുന്ന ഇൻസെന്റീവ് 3 കൊല്ലവും കൂടി തുടരാം. ബാക്കി പുതിയ ഇൻസെന്റീവ് വ്യവസായങ്ങൾക്ക് സംസ്ഥാനങ്ങൾ കൊടുക്കരുതെന്ന് ഐകകണ്ഠേന ആ യോഗം തീരുമാനിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*60) ബസ് ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് യാത്ര സുരക്ഷിതമാക്കാനും ബസ് ദുരന്തങ്ങൾ ഒഴിവാക്കാനും സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) 19 പേരുടെ മരണത്തിനിടയാക്കിയ ചടയമംഗലം ബസ് ദുരന്തത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അപകടമുണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ബസ്സുകളുടെ അമിത വേഗതയും ഓവർലോഡും നിയന്ത്രിക്കാൻ നിലവിലുള്ള നിയമം കർശനമായി നടപ്പാക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കാലപ്പഴക്കം ചെന്നതും കേടുപാടുകൾ യഥാസമയം തീർക്കാത്തതുമായ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതുമൂലമാണ് ബസ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രത്യേകം സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇക്കാര്യത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ വിവരിക്കുന്നു.

1. റോഡ് സുരക്ഷയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ താമസം വിനാ നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

2. ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിനുള്ള ടെസ്റ്റുകൾ കാര്യക്ഷമമായും കർക്കശവുമാക്കിയിട്ടുണ്ട്.

3. വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങളും കർശനമാക്കിയിട്ടുണ്ട്. ഇരുപതു വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ ഒരു എം.വി.ഐ. യുംഒരു എ.എം.വി.ഐ.യും ചേർന്ന് ഇരുപതു വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ആർ.ടി.ഒ.യും ഒരു ജോയിന്റ് ആർ.ടി.ഒ.യും (അതിൽ ഒരാൾ സാങ്കേതിക പരിജ്ഞാനം ഉള്ള ആളായിരിക്കും) വാഹനങ്ങളുടെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ നടപടി ക്രമങ്ങളിൽ എന്തെങ്കിലും പിഴവുണ്ടോ എന്ന് പരിശോധിക്കാനായി ഉന്നതഉദ്യോഗസ്ഥൻ മിന്നൽ പരിശോധനയും നടത്തി വരുന്നു.

4. വാഹനങ്ങളുടെ പരമാവധി വേഗത നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിനു പുറമേ സംസ്ഥാന സർക്കാർ വേഗതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സിറ്റിയിൽ ബസ്സുകളുടെ പരമാവധി വേഗത, മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തിയിൽ മണിക്കൂറിൽ 35 കിലോമീറ്ററും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നസ്ഥലത്ത് 15 കിലോമീറ്ററുമാണ്.

5. സിറ്റി, ടൗൺ സർവ്വീസുകളുടെയും മറ്റു ബസ്സുകളുടെയും ഓട്ട സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സിറ്റി ബസ്സുകൾക്ക് ഒരു കി.മീ. 3 മിനിറ്റും, സിറ്റിക്ക് പുറത്ത് സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് 2.5 മിനിറ്റുമാണ് ഓടിയെത്തേണ്ട സമയം. ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന് (വയനാട്, ഇടുക്കി) ജില്ലകളിൽ 2.5 മിനിറ്റും മറ്റു ജില്ലകളിൽ 2 മിനിറ്റ് 15 സെക്കന്റുമാണ്.

6. സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം അനധികൃത സമാന്തര സർവ്വീസുകൾ തുടങ്ങിയവ കണ്ടുപിടിച്ച് പിഴ ഈടാക്കൽ, വാഹനം പിടിച്ചെടുക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

7. ട്രാഫിക് നിയമലംഘനം, ചരക്കു വാഹനങ്ങളിലെയും, ബസ്സുകളിലെയും അമിത ഭാരം കയറ്റൽ അമിത വേഗത തുടങ്ങിയ കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിലേക്കായി ചെക്കിംഗ് കൂടുതൽ കർശനമാക്കുകയും ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

8. മദ്യപിച്ച് വാഹനമോടിച്ച് അപകടം ഉണ്ടാക്കുന്നത് തടയുവാനായി ബ്രീത്ത് അനൈലസർ ഉപയോഗിച്ച്, മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടുപിടിക്കുകയും അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. നാഷണൽ ഹൈവേകളിലും മറ്റു അപകടസാദ്ധ്യത കൂടുതലുള്ള മേഖലകളും കണ്ടുപിടിച്ച് ഊർജ്ജിതമായ വാഹന പരിശോധന നടത്തി വരുന്നു.

10. അപകടങ്ങൾ ഒഴിവാക്കുകയും, ട്രാഫിക് നിയമ ലംഘനം കുറച്ചു കൊണ്ടുവരുന്നതിനുമായി വിവിധ കുറ്റങ്ങൾക്കുള്ള പിഴയുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ തലത്തിൽ അന്വേഷണം നടന്നു വരുന്നു.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി സിറ്റിയിലും പ്രധാന പ്രദേശങ്ങളിലും സർവ്വീസ് നടത്തുന്ന ബസ്സുകളുടെ ഓടിയെത്തേണ്ട സമയം പരിഷ്ക്കരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കുറ്റങ്ങൾ കുറച്ചു കൊണ്ടുവരുന്നതിലേക്കായി വാഹന പരിശോധന കൂടുതൽ ഊർജ്ജിതമായി നടത്തി വരുന്നു.

(എഫ്)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിറ്റ്നസ് നൽകുന്നതിനുള്ള അപാകതകൾ ഒഴിവാക്കുന്നതിനായി ഹൈപവർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഫിറ്റ്നസ് നൽകുന്ന വാഹനങ്ങളെ സൂപ്പർ ചെക്ക് ചെയ്യുന്നതിലേക്കായി പരിശോധന നടത്തുന്നതിന് ഉന്നത ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ജി) ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വളരെ കുറ്റമറ്റതാണ്.

6 (*61) കാർഷിക വിഭവങ്ങൾക്ക് വിദേശ വിപണി കണ്ടെത്താനുള്ള പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾക്ക് വിദേശ വിപണി കണ്ടെത്താനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കാർഷിക വിഭവങ്ങൾ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി വിദേശ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് വിദേശസഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly